(ബി) തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ, ചെമ്പഴന്തി, പേരൂർക്കട, വഴുതക്കാട് എന്നീ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ മറ്റൊരു സർവ്വീസ് സഹകരണ സംഘത്തിന് ബ്രാഞ്ച് തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഭാഗങ്ങളിൽ അവയുടെ പ്രവർത്തന പരിധിക്കകത്ത് മറ്റ് സംഘങ്ങൾക്ക് ശാഖ തുടങ്ങുന്നതിന് അനുമതി നൽകുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കുകളിൽ രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

(1) തിരുവനന്തപുരം സിറ്റി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ റ്റി. 1495, പ്രവർത്തനപരിധി തിരുവനന്തപുരം സിറ്റി മൊത്തം.

(2) തൈക്കാട് സർവ്വീസ് സഹകരണ സംഘം, പ്രവർത്തനപരിധി തൈക്കാട് വില്ലേജിലെ തൈക്കാട്, തമ്പാനൂർ, ജഗതി, വലിയശാല, ആറന്നൂർ വാർഡുകൾ.

(ബി) ഇല്ല.

(സി) തിരുവന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ശ്രീകാര്യത്ത് ശാഖ തുടങ്ങുന്നതിനെതിരെ ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കും വെള്ളയമ്പലത്ത് ശാഖ തുടങ്ങുന്നതിനെതിരെ വഴുതക്കാട് സർവ്വീസ് സഹകരണ ബാങ്കും സംഘവും ഈ രണ്ടു ശാഖകളും ആരംഭിക്കുന്നതിനെതിരെ ശ്രീ. കെ. അജയകുമാർ എന്നയാളും പരാതി നൽകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘങ്ങളുടെ രജിസ്റ്റർഡ് ബൈലായിൽ നിജപ്പെടുത്തിയിരിക്കുന്ന പ്രവർത്തന പരിധിക്കകത്താണ് ശാഖകൾ തുടങ്ങുവാൻ അനുമതി നൽകുന്നത്. പ്രവർത്തനപരിധിക്ക് പുറത്ത് ശാഖ തുടങ്ങുവാൻ അനുമതി നൽകാറില്ല.

വണ്ണപുരം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

136 [1275] ശ്രീ. ബി. വിജയകുമാർ:
,, പി. ജെ. ജോയി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ. ഡി. മുസ്തഫ:
,, എഴുകോൺ നാരായണൻ:: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ണപുരം സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) അവിടെ നടന്ന ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം വിശദമായ അന്വേഷണം നടത്തുകയുണ്ടായി.

(ബി) ബാങ്കിൽ നടന്നിട്ടുള്ള ക്രമക്കേടുകൾക്ക് പ്രധാനമായും ബാങ്ക് ഭരണ സമിതി അംഗങ്ങളാണ് ഉത്തരവാദികളെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം നിയമം വകുപ്പ് 32 (1) പ്രകാരം ഭരണസമിതിയെ നീക്കം ചെയ്യാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ വിശദീകരണം തേടുകയും വിശദീകരണം തൃപ്തികരമല്ലാത്തതി നാൽ ഭരണസമിതിയെ കേരള സഹകരണ സംഘം നിയമം വകുപ്പ് 32 (1) പ്രകാരം നീക്കം ചെയ്യുകയും തൊടുപുഴ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ അഡ്മിനി സ്ട്രേറ്ററായി നിയമിക്കുകയം ടിയാൻ 31-10-2003-ൽ ചാർജ്ജെടുക്കുകയും ചെയ്തു. എന്നാൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തൊടുപുഴ എന്ന നിലയിലുള്ള ഭാരിച്ച ജോലി ത്തിരക്കുള്ളതിനാൽ ടിയാന് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിലുള്ള കർത്തവ്യങ്ങൾ കാര്യ ക്ഷമമായി നിർവ്വഹിക്കുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ താഴെ പറയുന്ന 3 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു:

(1)	ശ്രീ. പി. കെ. വർഗ്ഗീസ് ..	അംഗനമ്പർ	720
(2)	ശ്രീ. സി. എച്ച്. ഷാഹുൽ ഹമീദ് ..	,,	3020
(3)	ശ്രീമതി പി. കെ. അന്നക്കുട്ടി ..	,,	3301

(സി) പ്രധാനമായും താഴെപ്പറയുന്ന ക്രമക്കേടുകളാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്:

(1) സംഘം കെട്ടിടം പണിയുമായി ബന്ധപ്പെട്ട് 3,60,104.45 രൂപയുടെ സാമ്പത്തിക തിരിമറി നടത്തിയിട്ടുണ്ട്. കെ.ആർ.ഷാജി എന്ന ഭരണസമിതി അംഗത്തിന് നിയമവിരുദ്ധമായി അഡ്വാൻസ് ഇനത്തിൽ കെട്ടിടം പണിയുമായി ബന്ധപ്പെട്ട് നൽകിയ 3,60,104.45 രൂപ സ്വന്തമായി ടിയാൻ കൈവശം വച്ചിരിക്കുന്നു. അപ്രകാരം നിയമ വിരുദ്ധമായി അഡ്വാൻസ് തുക കൈവശം വച്ചതുകാരണം ടി തുക ബിസിനസ്സിനായി വിനിയോഗിച്ചിരുന്നുവെങ്കിൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന 2,16,062 രൂപ സംഘത്തിന് നഷ്ടമാകുകയുണ്ടായി. ഇപ്രകാരം സംഘത്തിന്റെ പൊതുഫണ്ട് ദീർഘ കാലം കൈവശം സൂക്ഷിച്ചത് ബാങ്ക് ഫണ്ടിന്റെ ദുർവിനിയോഗവും സഹകരണചട്ടം 47 (ഡി)-ന്റെയും സംഘം ബൈലോ 35 (എ) എന്നിവയുടേയും ലംഘനമാണ്.

(2) സംഘത്തിന്റെ പൊതു ഫണ്ടിൽനിന്നും 22,83,523 രൂപ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ/രജിസ്ട്രാറുടെ മുൻ അനുവാദം വാങ്ങാതെ വിനിയോഗി ക്കുകയുണ്ടായി. ഇത് കേരള സഹകരണ ചട്ടം 54-ന് വിരുദ്ധമാണ്.

(3) സംഘം ഭരണസമിതി അംഗങ്ങൾ അഡ്വാൻസിനത്തിൽ തുക കൈപ്പറ്റുകയും ടി തുകകൾ കൈവശം സൂക്ഷിക്കുകയും യാതൊരു കാരണവും കൂടാതെ ദീർഘകാലം കഴിഞ്ഞ് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത് ബാങ്ക് ഫണ്ടിന്റെ ദുർവിനിയോഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) ബാങ്കിന്റെ മുള്ളരിങ്ങാട് ശാഖ ഓഫീസിൽ മന്ദിരത്തിന്റെ നിർമ്മാണത്തിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻ അനുവാദം വാങ്ങാതെ സഹകരണ ചട്ടം 54-ന് വിരുദ്ധമായി സംഘത്തിന്റെ പൊതുഫണ്ടിൽനിന്നും 4,97,131 രൂപ വിനിയോഗിച്ചു.

(5) സംഘം സെക്രട്ടറി ഭീമമായ തുക യാതൊരു കാരണവും കാണിക്കാതെ അഡ്വാൻസിനത്തിൽ കൈപ്പറ്റുകയും 1 മുതൽ 31 മാസകാലത്തോളം തുകകൾ കൈവശം സൂക്ഷിച്ചിട്ട് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(6) ബൈലോയ്ക്ക് വിരുദ്ധമായി ഭരണസമിതി അംഗത്തിന് ചെക്ക് ഡിസ്ക്കൗണ്ട് ചെയ്തു നൽകുകയും മാസങ്ങളോളം ചെക്ക് കളക്ഷനയക്കാതെ സൂക്ഷിക്കുകയും പിന്നീട് തുക നേരിട്ട് സംഘത്തിൽ അടയ്ക്കുവാൻ അവസരം നൽകുകയും ചെയ്തു.

(7) സംഘം ബൈലോ 54 (ഡി) പ്രകാരം സ്വന്തം ജാമ്യത്തിൽ പരമാവധി 25,000 രൂപവരെ മാത്രമേ വായ്പയായി നൽകുവാൻ വ്യവസ്ഥയുള്ളൂ എന്നിരിക്കെ ഇതിന് വിരുദ്ധമായി ചെക്കിന്റെ ഈടിന്മേൽ 2,00,000 രൂപ മുതൽ 8,00,000 രൂപവരെ വായ്പ നൽകിയിട്ടുണ്ട്. ഇത് സംഘം ഫണ്ടിന്റെ ദുർവിനിയോഗവും സഹകരണ നിയമത്തിനും ചട്ടത്തിനും സംഘം ബൈലോ വ്യവസ്ഥയ്ക്കും വിരുദ്ധമാണ്.

(8) തിരിച്ചടയ്ക്കാനുള്ള കഴിവ് കണക്കിലെടുക്കാതെ ചെറിയ ഈടിന്മേൽ ഭീമമായ തുകകൾ വായ്പ നൽകിയിട്ടുണ്ട്.

(9) മറ്റ് ബാദ്ധ്യതകൾ ഉണ്ടാക്കരുത് എന്ന നിബന്ധനയോടെ വസ്തുവിൽ നൽകിയിട്ടുള്ള 'പട്ടയം' പണമായി സ്വീകരിച്ച് 5,50,000 രൂപ വായ്പ നൽകുകയുണ്ടായി.

(10) സെക്രട്ടറിക്ക് നിയമവിരുദ്ധമായി ചെക്കുകൾ ഡിസ്ക്കൗണ്ട് ചെയ്തു നൽകുകയുണ്ടായി.

(11) സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ള നിരക്കിലധികമായി വായ്പയ്ക്കു പലിശ ഈടാക്കുകയും നിക്ഷേപങ്ങൾക്ക് കൂടുതൽ തുക പലിശ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിക്ഷേപങ്ങൾക്ക് കൂടിയ നിരക്കിൽ പലിശ നൽകിയ ഇനത്തിൽ 2001-02 വർഷം ബാങ്കിന് 7,75,941 രൂപ നഷ്ടം വരുത്തുകയുണ്ടായി.

(12) സഹകരണചട്ടം 63 പ്രകാരമുള്ള തരളധനം ബാങ്ക് സൂക്ഷിക്കുകയുണ്ടായില്ല.

സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ പെയ്ഡ് അപ്ഷെയർ ക്യാപിറ്റൽ

137 [1276] ശ്രീ. ടി. എൻ. പ്രതാപൻ:
,, എ. പി. അനിൽ കുമാർ:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ള സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ പെയ്ഡ് അപ്ഷെയർ ക്യാപിറ്റൽ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly